

ധ്യാനസൂക്തം -11

ജെ.പി. വെണ്ണിക്കുളം

അടിസ്ഥാന ഉപദേശങ്ങൾ – 9

# പ്രാർഥന (Prayer)

അടിസ്ഥാനവേദഉപദേശങ്ങളുടെ കൂട്ടത്തിൽ അവസാനത്തേത് പ്രാർഥനയാണ്. ഓരോ ക്രിസ്തുവിശ്വാസിയുടെയും ജീവിതത്തിൽ അടിസ്ഥാനപരമായി ഉണ്ടാകേണ്ട വസ്തുത. പ്രാർഥനയെക്കുറിച്ചുള്ള ഈ പഠനം അനുവാചകർക്ക് അനുഗ്രഹമായിത്തീരട്ടെ.

***മൂലഭാഷയിൽ***

എബ്രായഭാഷയിൽ പ്രാർഥനയ്ക്ക് മൂന്നു പദങ്ങൾ കാണാം.

1. ലാച്ചാഷ് (lachash) എന്നാൽ ജയം അഥവാ മന്ത്രണം എന്നർഥം (യെശ. 26: 16).

2. സിച്ചാ (sichah) അഥവാ സിയാച്ച് എന്നതിന് ധ്യാനം എന്നർഥം (ഇയ്യോ. 15: 4; സങ്കീ. 64: 1).

3. റെഫില്ല (Tepphillah) സ്തുതിയുടെ ഗാനം എന്നർഥം 9 2 ശമൂ. 7: 27; സങ്കീ. 4: 1; 6: 9; 17: 1).

ഗ്രീക്ക്ഭാഷയിൽ നാലു പദങ്ങൾ കാണാം:

1. ഡീസിസ് അഭയയാചന എന്നർഥം (ലൂക്കൊ. 1: 13; 2: 37; റോമ. 10: 1; 2 കൊരി. 1: 11; എബ്രാ. 5: 7).

2. എന്റുക്സിസ്, മധ്യസ്ഥത, പ്രാർഥന എന്നർഥം ( 1 തെസ. 4: 5).

3. യൂക്കേ, അഭിലാഷം, അഭയയാചന എന്നൊക്കെ അർഥമുണ്ട് (യാക്കോ. 5: 15).

4. പ്രോസ്യൂക്കേ, പകർച്ച എന്നർഥം (മത്താ. 17:21; 21: 13; 21: 22; അപ്പൊ. 1: 14; 2: 42; റോമ. 1: 9; വെളി. 5: 8; 8: 3,4).

**പ്രാർഥനയുടെ ചരിത്രം**

പഴയനിയമകാലത്ത് "ആ കാലത്ത് യഹോവയുടെ നാമത്തിലുള്ള ആരാധന തുടങ്ങി" എന്നു വായിക്കുന്നു (ഉല്പ. 4: 26). അബ്രഹാം യഹോവയുടെ നാമത്തിൽ ആരാധിച്ചു എന്ന് (ഉൽപ. 12: 8) കാണുന്നു. യാക്കോബ് വ്യവസ്ഥപ്രകാരം പ്രാർഥിക്കുന്നത് കാണാം (ഉൽപ. 28: 20). സമാഗമനകൂടാരം,. ദേവാലയം ഇവ തുറന്നപ്പോൾ പ്രാർഥിച്ചിരുന്നു (പുറ. 40; 1 രാജാ. 8). മോശെയും ദാവീദും സന്നിധിയിൽ അണഞ്ഞു പ്രാർഥിച്ചിരുന്നു (പുറ. 34: 34; ആവ. 34: 10; 2 ശമൂ. 7: 27; യെഹെ. 2: 2; യിരെ. 14: 15). നെഹെമ്യാവ് പാപങ്ങളെയും കുറ്റങ്ങളെയും ഏറ്റുപറഞ്ഞു പ്രാർഥിച്ചു (എബ്രാ. 9: 6–17; നെഹെ. 1: 5–11; 9: 5–38). ഇങ്ങനെ അവസാനം വരെ പ്രാർഥനാശബ്ദം നമുക്ക് കാണാം.

പുതിയനിയമത്തിൽ പ്രാർഥന എന്ന വിഷയം അവതരിപ്പിക്കുന്നത് ക്രിസ്തുവാണ്. സുവിശേഷങ്ങളിൽ കാണുന്ന രേഖ അടിസ്ഥാനമാക്കിയാണ് അപ്പൊസ്തലന്മാരും സഭയും അതിന് ഇതുവരെ രൂപംകൊടുത്ത് പ്രമാണമാക്കിയത്. സ്നാനം ഏറ്റ ക്രിസ്തു പ്രാർഥിക്കുന്നു, തുടർന്നും പ്രാർഥിച്ചു (ലൂക്കൊ. 3: 21; 6: 12; 9: 16, 29; 22: 32, 39, 46; 23: 34–46; മത്താ. 27: 46; യോഹ. 17). ഈ പ്രാർഥനകളിലൂടെ അരൂപിയായ പിതാവായ ദൈവത്തെ വെളിപ്പെടുത്തുകയായിരുന്നു. പ്രാർഥനയുടെ രഹസ്യസ്വഭാവത്തെക്കുറിച്ച് മത്താ. 6:5–8 വരെ കാണുന്നു. വ്യക്തമായ ആവശ്യങ്ങൾ ഉണ്ടായിരിക്കണമെന്നും (9:38) പ്രാർഥനയും ഉപവാസവും മാത്രമേ പ്രശ്നങ്ങൾക്ക് ഉപാധിയായി ഉള്ളുവെന്നും വായിക്കാം (17: 21). വിശ്വാസത്തോടെ ദൈവഹിതപ്രകാരം യാചിക്കുന്നതിന് മറുപടിയുണ്ട് (21: 22; 1 യോഹ. 5:14) ഇങ്ങനെ നിരവധി ഭാഗങ്ങൾ കാണാം.

ക്രിസ്തീയ അടിസ്ഥാനഉപദേശങ്ങളിൽ പെന്തെക്കോസ്തു ദിവസത്തിൽ എണ്ണിപ്പറഞ്ഞിരിക്കുന്നതിൽ അവസാനത്തേത് പ്രാർഥനയാണ് (അപ്പൊ. 2: 22).

**മാതൃകാ പ്രാർഥനകൾ**

1. അനർഗള പ്രാർഥന: നിർത്താതെ തുടർമാനമായ പ്രാർഥന, മറ്റ് പ്രവർത്തികൾ ചെയ്തുകൊണ്ടിരിക്കുമ്പോഴും ഹൃദയംകൊണ്ടു ധ്യാനിക്കാം ( 1 തെസ. 5: 16–18).

2. രഹസ്യപ്രാർഥന: ക്രിസ്തുവിന്റെ പ്രാർഥന ഇതിന് ഉദാഹരണമാണ്. താൻ ഒരു നിർജ്ജന പ്രദേശത്ത് പോയി പ്രാർഥിച്ചു (മർക്കൊ. 1: 35). മലയിൽപോയി പ്രാർഥിച്ചു (ലൂക്കൊ. 6: 12; മത്താ. 14; 23; യോഹ. 6: 15).

പ്രാർഥിക്കുമ്പോൾ അറയിൽ കടന്ന് രഹസ്യത്തിലുള്ള പിതാവിനോട് പ്രാർഥിക്ക എന്നു യേശു പടിപ്പിച്ചു (മത്താ. 6: 6).

3. കുടുംബപ്രാർഥന: ക്രിസ്തീയ സഭയുടെ ആദിമശതകങ്ങളിൽ നടന്ന് ആരാധന കുടുംബപശ്ചാത്തലത്തിലുള്ളവയായിരുന്നു. യഹൂദഭവനങ്ങളിലെ കുടുംബനായകൻ ആത്മിയവിഷയങ്ങളുടെ അധ്യക്ഷനായിരുന്നു. ആ മാതൃക ക്രിസ്തീയസഭയിലേക്കു പകർത്തപ്പെട്ടു.

4. പരസ്യപ്രാർഥന: എബ്രായരുടെ കാലം മുതൽ ബഹുജന പ്രാർഥന നടന്നതായി വായിക്കുന്നു. അത് സിന്നഗോഗുകളിലാണ് നടത്തിയിരുന്നത്. എന്നാൽ സകലമനുഷ്യർക്കും വേണ്ടി യാചനയും പ്രാർഥനയും പക്ഷവാദവും സ്തോത്രവും ചെയ്യണം (1 തിമൊ. 2: 1,2).

**പ്രാർഥിക്കേണ്ടത് ആരോടാണ്?**

1. ദൈവത്തോട് പ്രാർഥിക്കണം (അപ്പൊ. 12: 5).

2. പിതാവായ ദൈവത്തോട് പ്രാർഥിക്കണം (മത്താ. 6: 9).

3. കർത്താവായ യേശുവേ, എന്റെ ആത്മാവിനെ കൈക്കൊള്ളണമേ (അപ്പൊ. 7: 59). യേശുക്രിസ്തുവിനോട് പ്രാർഥിക്കണം.

4. പരിശുദ്ധാത്മാവിനോട് പ്രാർഥിക്കുവാൻ വ്യക്തമായി പറഞ്ഞിട്ടില്ല. എന്നാൽ പരിശുദ്ധാത്മാവിന്റെ കൂട്ടായ്മ അനുവദിച്ചതിനാൽ തെറ്റില്ല.

**ആർക്കുവേണ്ടി പ്രാർഥിക്കണം**

1. അവരവർക്കുവേണ്ടി ( 1 ദിന. 4: 10; സങ്കീ. 106:4,5; 2 കൊരി. 12: 7,8; എബ്രാ. 5: 7; യോഹ. 17: 1; സങ്കീ. 50: 15).

2. മറ്റുള്ളവർക്കുവേണ്ടി (യാക്കോ. 5: 16).

3. വചനം ശുശ്രൂഷിക്കുന്നവർക്കുവേണ്ടി (എഫെ. 6: 19,20; കൊലൊ. 4: 3; 2 തെസ. 3: 1,2; അപ്പൊ. 13: 2,3; മത്താ. 9: 38).

4. നമ്മുടെ ശുശ്രൂഷയാൽ മാനസാന്തരപ്പെടുന്നവർക്കുവേണ്ടി (1തെസ. 3: 9–13).

5. രോഗികൾക്കുവേണ്ടി (യാക്കോ. 5: 14–16).

6. മരണത്തിനല്ലാത്ത പാപം ചെയ്യുന്ന സഹോദരനുവേണ്ടി (1യോഹ. 5: 16)

7. സകലവിശുദ്ധന്മാർക്കും വേണ്ടി (എഫെ. 6: 18; സങ്കീ. 36: 10).

8. മക്കൾക്കുവേണ്ടി (1 ദിന. 29: 19).

9. നമ്മെ ഭരിക്കുന്നവർക്കുവേണ്ടി (1 തിമൊ. 2: 2,3)

10. നമ്മുടെ പട്ടണത്തിനോ, ഗ്രാമത്തിനോവേണ്ടി (യിരെ. 29: 7).

11. യിസ്രായേലിന്റെ സമാധാനത്തിനുവേണ്ടി (റോമ. 10: 1; യോവേ. 2: 17; യെശ. 62: 6,7; 1 ശമൂ. 12: 23; സങ്കീ. 122: 6,7; 1 രാജാ. 11: 13; സെഖ. 2: 7,8; 10: 12).

12. സകലമനുഷ്യർക്കുംവേണ്ടി (1 തിമൊ. 2: 1).

**എപ്പോൾ പ്രാർഥിക്കണം**

1. ദിവസം മൂന്നു പ്രാവശ്യം (ദാനീ. 6: 10; സങ്കീ. 55: 16,17).

2. പുലർച്ചയ്ക്കു മുൻപ് (സങ്കീ. 119: 146, 147; മർക്കൊ. 1: 35)

3. രാത്രി മുഴുവൻ (ലൂക്കൊ. 6: 12; യോഹ. 6: 15; മർക്കൊ. 6: 46–48; യെശ. 40: 31).

4. പകലും രാവും (സങ്കീ. 88: 1).

5. ഭക്ഷണമേശയിൽ (മത്താ. 4: 19; അപ്പൊ. 27: 35; 1 തിമൊ. 4: 4,5).

6. കഷ്ടകാലത്ത് ( സങ്കീ. 50: 15; 81: 7; 77: 1,2; 86: 7).

7. എതിർപ്പുകൾ വരുമ്പോൾ (സങ്കീ. 3: 1,2).

8. യുദ്ധകാലത്ത് ( 1 ദിന. 5: 20; സദൃ. 21: 31).

9. ശത്രുപ്രബലനാകുമ്പോൾ (2 ദിന. 14: 8,9; 20: 1–4,12).

10. യുദ്ധം മുമ്പിലും പിമ്പിലും ആകുമ്പോൾ ( 2 ദിന. 13: 13–16).

11. മനുഷ്യസഹായം പരാജയപ്പെടുമ്പോൾ ( സങ്കീ. 60: 11).

12. നമ്മുടെ പ്രാണൻ നമ്മിൽ തളരുമ്പോൾ (യോഹ. 2: 7).

13. ഹൃദയം ക്ഷീണിക്കുമ്പോൾ (സങ്കീ. 61:2).

14. ആഴത്തിൽ നിന്ന് (സങ്കീ. 130: 1).

15. കല്പനാലംഘികളുടെ മടങ്ങിവരവിന് (ആവ. 4: 26–29).

16. യഹോവയെ കണ്ടെത്താവുന്ന കാലത്ത് (യെശ. 55: 6).

17. ജീവനുള്ള കാലത്തോളം (സങ്കീ. 116: 1,2).

18. മടുത്തുപോകാതെ (ലൂക്കൊ. 18: 1; എഫെ. 6: 18; 1 തെസ്സ. 5: 17).

എങ്ങനെ പ്രാർഥിക്കണം

1. യേശുക്രിസ്തുവിന്റെ നാമത്തിൽ (യോഹ. 14: 13, 14; 14:16).

2. സത്യമായി വിളിച്ചപേക്ഷിക്കണം (സങ്കീ. 145: 18).

3. പൂർണഹൃദയത്തോടെ (യിരെ. 29: 12,13; ആവ. 4: 29).

4. ശ്രദ്ധയോടെ (അപ്പൊ. 12: 5; ലൂക്കൊ. 22: 44).

5. ഉറ്റിരുന്നു പ്രാർഥിക്കണം (റോമ. 12: 12; കൊലൊ. 4: 2).

6. ഉപവാസത്തോടെ (ദാനി.9: 3; അപ്പൊ. 4: 23; 13: 2,3; മത്താ. 9: 15).

7. തന്നെത്താൻ താഴ്ത്തി ( 2 ദിന. 7: 14).

8. സ്തോത്രത്തോടെ (ഫിലി. 4: 6; കൊലൊ. 4:2).

9. മറ്റുള്ളവരോട് ഒരുമിച്ച് (മത്താ. 18:19,20).

10. വിശ്വസിച്ചുകൊണ്ട് (മത്താ. 21: 22)

11. ആത്മാവിൽ (എഫെ. 6: 18; യൂദാ 20).

**പ്രാർഥനയ്ക്ക് മറുപടി ലഭിക്കാത്തത്**

പ്രാർഥനയ്ക്ക് മറുപടി ലഭിക്കാത്തതിന് പല കാരണങ്ങളുണ്ട്. വചനപ്രകാരമുള്ള ചില കാരണങ്ങൾ കുറിക്കാം.

1. സ്വാർഥതയ്ക്ക് ഊന്നൽ നൽകിയാൽ (യാക്കോ. 4: 3).

2. പാപം ചെയ്താൽ (യെശ. 59: 1,2).

3. ഹൃദയത്തിൽ വിഗ്രഹം സൃഷ്ടിക്കപ്പെട്ടാൽ ( യെഹെ. 14: 3).

4. സഹോദരനോട് ഹൃദയപൂർവം ക്ഷമിക്കാഞ്ഞാൽ (മർക്കൊ. 11: 25,26).

5. അവിശ്വാസം ഉണ്ടായാൽ (യാക്കോ. 1: 5–7).

6. അവിവേകമായ കുടുംബജീവിതങ്ങളിലെ പ്രാർഥനാമുടക്കം (1 പത്രൊ. 3: 6,7).

**പ്രാർഥനയുടെ ഫലങ്ങൾ**

1. നീതിമാന്റെ ശ്രദ്ധയോടുകൂടിയ പ്രാർഥന വളരെ ഫലിക്കുന്നു (യാക്കോ. 5: 16). 1 രാജാ. 18: 37,38 ൽ ഏലിയാവിന്റെ പ്രാർഥന ചരിത്രത്തിലെ ശ്രദ്ധേയമായ പ്രാർഥനയാണ്.

2. പ്രാർഥിച്ച് എന്തുകാര്യവും ലഭിക്കുന്നു എന്നത് ആശ്വാസമാണ് (യോഹ. 14: 13,14).

3. ദൈവത്തിൽനിന്നും അവ ലഭിക്കുന്നു (1യോഹ. 3: 22). നാം അവന്റെ കല്പനകൾ അനുസരിക്കേണ്ടത് ആവശ്യം.

4. ദൈവഹിതത്തിന് അനുസരിച്ച് പ്രാർഥിച്ചാൽ അനുഗ്രഹം ( 1 യോഹ. 5: 14,15).

**ഉപസാംഹാരം**

ആദിമസഭ പ്രാർഥന തത്വത്തിൽ വിശ്വസിച്ചിരുന്നു. ഏതു തീരുമാനവും എടുക്കും മുൻപ് പ്രാർഥിച്ച് ദൈവത്തോടു ആലോചന ചോദിച്ചിരുന്നു (അപ്പൊ. 1: 15–26). എന്നാൽ ഇന്നോ? ദൈവസഭ പ്രാർഥിച്ച സമയങ്ങളിലൊക്കെ അത്ഭുതങ്ങളും അടയാളങ്ങളും നടന്നിട്ടുണ്ട്. ജോൺ ബനിയന്റെ പ്രസ്താവന ഇവിടെ ശ്രദ്ധേയമാണ്: "പ്രാർഥന ദേഹിക്ക് ഒരു പരിചയും ദൈവത്തിന് ഒരു യാഗവും പിശാചിന് ഒരു ചാട്ടയടിയും ആകുന്നു".

വേദപുസ്തകം അവസാനിക്കുന്നതു തന്നെ പ്രാർഥന എന്ന ധൂപവർഗം നിറഞ്ഞ പൊൻകലശത്തോടെയാണ് (വെളി. 5:8). പ്രാർഥനയിൽ നമുക്ക് പോരാടാം. ദൈവം നമ്മെ സഹായിക്കട്ടെ.